# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 441 05.02.2014 ലെ മറുപടി**

**പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ**

ചോദ്യം / മറുപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>,, എളമരം കരീം<br>,, കെ.വി. അബ്ദുൾ ഖാദർ<br>,, പി.ശ്രീരാമകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) പ്രവാസി മലയാളികൾ സംസ്ഥാനത്തിന്റെ പുരോഗതിയിൽ വഹിക്കുന്ന പങ്ക് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രവാസികൾ ഇപ്പോൾ നേരിടുന്ന വിമാനയാത്രാ സൗകര്യ ങ്ങളുടെ അപര്യാപ്തത, നിർബന്ധിത തിരിച്ചുവരവ്, പുനരധിവാസം തുടങ്ങിയ പ്രശ്നങ്ങളിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ നോർക്ക തയ്യാറാകുമോ; വ്യക്തമാക്കാമോ; | (ബി) എയർ ഇന്ത്യയുടെ ഇടയ്ക്കി ടെയുള്ള സർവ്വീസ് റദ്ദാക്കൽ, സീസൺ സമയത്തെ ചാർജ്ജ് വർധന തുടങ്ങിയ പ്രശ്നങ്ങൾ എയർ ഇന്ത്യയുടെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽ പ്പെടുത്തി പരിഹാരം കാണുന്നതിന് സംസ്ഥാന സർക്കാർ ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിരന്തര ഇടപെടൽ മൂലം ഇത്തരം പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br>സൗദി അറേബ്യയിലെ സ്വദേശി വല്ക്കരണ നിയമം (നിതാഖത്ത്) മൂലമുണ്ടായ പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ട് ശക്തമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയു ണ്ടായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതലസംഘം ഡൽഹിയിൽ പ്രധാന മന്ത്രി, വിദേശകാര്യമന്ത്രി, പ്രതിരോധ |

മന്ത്രി, പ്രവാസികാര്യമന്ത്രി, വിദേശ കാര്യ സഹമന്ത്രി എന്നിവരെ കണ്ട് ഈ വിഷയം ചർച്ച ചെയ്യുകയും കേന്ദ്ര സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് നിതാഖത്ത് നിയമം കർശനമായി നടപ്പിലാക്കുന്നതിന് സൗദി സർക്കാർ 7 മാസത്തെ ഇളവ് അനുവദിക്കുകയും ആ കാലയളവിനുള്ളിൽ എംബസ്സിയുടെ സഹായത്തോടെ തൊഴിൽ രേഖകൾ ക്രമവൽക്കരിക്കുന്നതിനും സൗദിയിലെ താമസരേഖകൾ ക്രമീകരിക്കുന്നതിനും അതിന് കഴിയാത്തവർക്ക് ശിക്ഷിക്കപ്പെടാതെ തിരികെ നാട്ടിൽ വരുന്നതിന് കളമൊരുക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ തിരികെയെത്തേണ്ടി വരുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു പദ്ധതിയും കൂടാതെ നിതാഖത്ത് പോലുള്ള സ്വദേശിവത്കരണ നയം മൂലം കൂടുതൽ പ്രവാസികൾ മടങ്ങിവരേണ്ട സാഹചര്യം ഉണ്ടായാൽ അവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതിയും രൂപീകരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായ്പകൾക്ക് 10% മൂലധന സബ്സിഡി നൽകുന്നതിനും

| | |
|---|---|
| | (പരമാവധി രണ്ട് ലക്ഷം രൂപ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ബാങ്ക് വായ്പ കളിന്മേൽ പലിശ ഇളവ് നൽകുന്ന കാര്യത്തിൽ കേന്ദ്ര സഹായം തേടാനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.<br><br>1. തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.<br>2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം<br>3. സ്വയം സംരംഭക സഹായ പദ്ധതി<br>4. സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക<br>5. സ്വയം തൊഴിൽ/നിക്ഷേപ സംരംഭങ്ങൾ |
| (സി) വിദേശങ്ങളിലെ ഇന്ത്യൻ എംബസികൾക്ക് പ്രവാസികളുടെ പ്രശ്നങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് നോർക്ക പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത കാര്യത്തിൽ കേന്ദ്ര സർക്കാരിനു മേൽ സമ്മർദ്ദം ചെലുത്തുമോ? | (സി) നിയമപരമായി വിദേശത്ത് കുടിയേറിയ പ്രവാസികൾ നേരിടുന്ന തൊഴിൽപരവും അല്ലാത്തതുമായ പ്രശ്നങ്ങളിൽ വിദേശ ഇന്ത്യൻ എംബസികൾ സാധാരണ നിലയിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട് എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ